**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **30-09-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്രയിൽ പോളിടെക്നിക്കിന് സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച പോളിടെക്നിക്കിന് ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 5 ഏക്കർ സ്ഥലം കൈമാറുന്നതിന് സർക്കാർ അനുമതിക്കായി പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷ ലഭിച്ചിരുന്നോ; | (എ) | *ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 13 -ാം വാർഡിലെ പുറക്കിലേരിമലയിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 5 ഏക്കർ ഭൂമി സർക്കാർ അംഗീകാരത്തോടെ പോലിടെക്നിക്കിനായി വിട്ട് നൽകാൻ 14.08.2025-ലെ 36(1)/25 തീരുമാന പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.* |
| (ബി) | ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) | *ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 13 -ാം വാർഡിലെ പുറക്കിലേരിമലയിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 5 ഏക്കർ ഭൂമി സർക്കാർ അംഗീകാരത്തോടെ പോലിടെക്നിക്കിനായി വിട്ട് നൽകാൻ 14.08.2025-ലെ 36(1)/25 തീരുമാന പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.* |
| (സി) | ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിന്റെ നടപടിക്രമം എന്താണ്; വ്യക്തമാക്കുമോ? | (സി) | 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിന് വസ്തു ആർജ്ജിക്കുന്നതിനും കയ്യൊഴിക്കുന്നതിനാവശ്യമായ ചട്ടങ്ങൾ നിലവിലുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വയാർജ്ജിത ഭൂമിയുടെ കാര്യത്തിൽ റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞ് ഭൂമി വിട്ടൊഴിക്കൽ നടപടി പ്രകാരം തണ്ടപ്പേരിൽ കുറവ് ചെയ്ത് പുറമ്പോക്കിലേയ്ക്ക് മാറ്റിയ ശേഷമാണ് സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ